"ഭരണഭാഷ-മാതൃഭാഷ"

നം സി.6/38762/2016/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി : 18.06.2018.

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം – സർക്കാർ കോളേജുകൾ- 01.04.2013-ന ശേഷം ഫുൾടൈം തസ്തികയിലേയ്ക്ക് നിയമനം ലഭിച്ച സ്വീപ്പർ / സാനിട്ടേഷൻ വർക്കർ / കുക്ക് തസ്തികയിലെ ജീവനക്കാർ – പങ്കാളിത്ത പെൻഷൻ പദ്ധതി - സംബന്ധിച്ച് –

സൂചന:-
1. 13.07.2016-ലെ സർക്കാർ കത്ത് നമ്പർ.എഫ്.1/107/2016/ ഉ.വി.വ
2. ഈ കാര്യാലയത്തിലെ 30.07.2016-ലെ മേലെഴുത്ത് കത്ത് നമ്പർ.സി.6/9746/2015/കോ.വി.വ.

സൂചന (1) സർക്കാർ കത്ത് പ്രകാരം 01.04.2013-ന ശേഷം ഫുൾടൈം തസ്തികയിലേയ്ക്ക് പ്രൊമോഷനായി ജോലിയിൽ പ്രവേശിച്ച പാർട്ട് ടൈം ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയില്ലെന്നും അവർക്ക് പങ്കാളിത്ത പെൻഷനാണ് ബാധകമാവുകയെന്നും സർക്കാരിൽ നിന്നും അറിയിച്ചിരുന്നു. 01.04.2013-ന മുൻപ് കെ.എസ്.ആർ.ഭാഗം III ബാധകമാവുന്ന സർവ്വീസിൽ നിയമിക്കപ്പെട്ടവർ 01.04.2013-നശേഷം കെ.എസ്.ആർ.ഭാഗം III ബാധകമായ സർവ്വീസിലേയ്ക്ക് പ്രവേശിക്കുമ്പോഴാണ് അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുണ്ടായിരിക്കുകയെന്നും പാർട്ട്ടൈം ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് കെ.എസ്.ആർ.ഭാഗം III ബാധകമല്ലാത്തതിനാൽ 01.04.2013-ന ശേഷം ഫുൾടൈം പ്രമോഷൻ ലഭിച്ചവർക്ക് പങ്കാളിത്ത പെൻഷനാണ് ബാധകമാകുകയെന്നും അറിയിച്ചിരുന്നു. പ്രസ്തുത സർക്കാർ നിർദ്ദേശപ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സൂചന (2) മേലെഴുത്ത് കത്ത് പ്രകാരം എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിരുന്നു.

മേൽ സാഹചര്യത്തിൽ 01.04.2013-ന ശേഷം ഫുൾടൈം സ്വീപ്പർ / സാനിട്ടേഷൻ വർക്കർ / കുക്ക് തസ്തികയിലേയ്ക്ക് നിയമനം ലഭിച്ച പാർട്ട് ടൈം ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ അവർ 60 വയസ്സ് വരെ തുടരേണ്ടതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ജീവനക്കാരും PRAN നിർബന്ധമായും എടുത്തശേഷം എൻ.പി.എസ് മാസവരി സംഖ്യ ഒടുക്കേണ്ടതുമാകുന്നു. എൻ.പി.എസ്. ബാധകമായ ജീവനക്കാർക്ക് PRAN അംഗത്വമെടുത്തിട്ടില്ലായെങ്കിൽ അടിയന്തിരമായി PRAN എടുത്ത ശേഷം മാസവരി ഒടുക്കുന്നതിനുള്ള നടപടി സ്ഥാപന മേധാവികൾ

GOVERNMENT OF KERALA
01 47730

സ്വീകരിക്കേണ്ടതാണ്. PRAN അക്കൌണ്ട് എടുത്ത ശേഷം കുടിശ്ശിക തുക ഉണ്ടെങ്കിൽ ആയത് ഒടുക്കേണ്ടതുമാകുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നപക്ഷം ആയത് സ്ഥാപനമേധാവി / ഡി.ഡി.ഒ.-യുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സർക്കാർ സ്ഥാപനങ്ങളിലെയും പങ്കാളിത്ത പെൻഷൻ ബാധമകായ ജീവനക്കാരുടെ (01.04.2013-നു ശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാർ / 01.04.2013-ന് ശേഷം ഫുൾ ടൈം തസ്തികയിൽ നിയമിതരായവർ) പേരു വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന പ്രൊഫോർമയിൽ അടിയന്തിരമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര്, തസ്തിക | ജനനതീയതി | വിരമിക്കൽ തീയതി | സേവനത്തിൽ പ്രവേശിച്ച തീയതി | PRAN അക്കൌണ്ട് നമ്പർ. | PRAN അക്കൌണ്ട് എടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം / സ്വീകരിച്ച നടപടി |
|---|---|---|---|---|---|---|
| | | | | | | |

ഒപ്പ്,
സീതാലക്ഷ്മി അമ്മ.എ,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
0471-2305547 srao.colledn.@kerala.gov.in

പകർപ്പ്

1. സിസ്റ്റം മാനേജർ. (കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സർക്കാർ സ്ഥാപന മേധാവികളുടെയും അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുന്നതിന്)

/അംഗീകാരത്തോടെ/

സൂപ്രണ്ട്

എസ്.വി.18.06.2018

കേരള സർക്കാർ

എഫ് 1/107/2016/ഉ.വി.വ

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
തിരുവനന്തപുരം
തീയതി: 13.07.16

026455

DIRECTORATE OF COLLEGIATE EDUCATION
22 JUL 2016
THIRUVANANTHAPURAM

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം :- ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - 01.04.2013 - നു ശേഷം ബൈ ട്രാൻസ്ഫർ മുഖേന ഫുൾ ടൈം തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭ്യമായ ജീവനക്കാരെ - സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 08.04.2016 ലെ സി6/9746/2015/കോ.വി.വ നമ്പർ കത്ത്.

********

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 01.04.2013 നു ശേഷം ബൈ പ്രൊമോഷൻ വഴി ഫുൾടൈം നിയമനം ലഭിക്കുന്നവർ ജി.ഒ(പി)20/2013/ധന. തീയതി 07.01.2013 പ്രകാരം എൻ.പി.എസ് ഉൾപ്പെട്ടതിനാൽ ടിയാളുകൾക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിലേയ്ക്ക് ഓപ്ഷൻ നൽകാൻ സാധ്യമല്ല എന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 01.04.2013 നു ശേഷം ഫുൾടൈം തസ്തികയിൽ നിയമിതരായ പാർട്ട് ടൈം ജീവനക്കാർ തങ്ങളെ എൻ.പി.എസിൽ നിന്ന് ഒഴിവാക്കണമെന്നും സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. ഫുൾടൈം പ്രൊമോഷൻ ലഭിക്കുന്നതിന് സമ്മതമാണെന്നും 56 വയസ്സിൽ പിരിഞ്ഞു പോകാമെന്നുമുള്ള സമ്മതപത്രമാണ് ജോലിയിൽ പ്രവേശിച്ച സമയത്ത് ടിയാളുകൾ സമർപ്പിച്ചിട്ടുള്ളത്. 01.04.2013 നു മുൻപ് പാർട്ട് ടൈം സർവ്വീസിൽ തുടരുകയും 01.04.2013 നു ശേഷം ഫുൾടൈമായി നിയമിതരാവുകയും ചെയ്തവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തണമെന്ന വിഷയം, അവരുടെ കുറഞ്ഞ സേവനകാലം, കുറഞ്ഞ വരുമാനം എന്നിവ പരിഗണിച്ച് അനുഭാവപൂർവ്വമായ പരിഗണന അർഹിക്കുന്നുണ്ട് എന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. 07.01.ധനകാര്യ വകുപ്പ് അറിയിച്ച2013 ലെ സ.ഉ(പി) നം.20/2013/ധനം പ്രകാരം 01.04.2013 മുതൽ സർവ്വീസിൽ നിയമിക്കപ്പെടുന്നവരും KSR ഭാഗം III പ്രകാരം പെൻഷൻ ലഭിക്കുമായിരുന്നവരെയുമാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 01.04.2013 നു മുമ്പ് KSR ഭാഗം III പ്രകാരം

പെൻഷൻ ലഭിക്കുമായിരുന്ന സർവ്വീസിൽ നിയമിക്കപ്പെട്ടവരും 01.04.2013 മുതൽ വീണ്ടും പുതിയ നിയമനം ലഭിക്കുന്നവരുമായ വിവിധ ജീവനക്കാരെ KSR ഭാഗം III പെൻഷൻ സ്കീമിൽ നിലനിർത്തികൊണ്ട് 07.05.2013 ലെ സ.ഉ(പി) നം.209/2013/ധനം ഉത്തരവായിരുന്നു. ഈ ഉത്തരവ് KSR പെൻഷന് അർഹതയുണ്ടായിരുന്ന ജീവനക്കാർക്ക് പുനർനിയമനം ലഭിക്കുമ്പോൾ പഴയ പെൻഷൻ നിലനിർത്തി കൊണ്ടുള്ളതാണ്. അതായത്, KSR ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരിക്കെ 01.04.2013 മുതൽ പുനർനിയമനം ലഭിക്കുന്നവർക്ക് മാത്രമാണ് KSR ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ നിലനിർത്തി ഉത്തരവായിട്ടുള്ളത്. അതേസമയം, KSR ഭാഗം III ഇതര റൂളുകൾ പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന വിഭാഗം ജീവനക്കാർക്ക് 01.04.2013 മുതൽ പുനർനിയമനം ലഭിക്കുന്ന പക്ഷം ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് പാർട്ട് ടൈം കണ്ടിജന്റ് റൂൾസ് ആണ് ബാധകമായിട്ടുള്ളത്. ആയതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 01.04.2013 ന ശേഷം ഫുൾടൈം തസ്തികയിൽ നിയമിതരായ പാർട്ട് ടൈം ജീവനക്കാർ തങ്ങളെ എൻ.പി.എസിൽ നിന്ന് ഒഴിവാക്കണമെന്നും സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ള അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല എന്നും പരാമർശിത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യത്തിന് അവർക്ക് അർഹതയില്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ
**മേരി ലാലി.സി.വൈ**
**ഗവ:അണ്ടർ സെക്രട്ടറി**
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം.സി6/9746/2015/കോ.വി.വ തീയതി.30.07.2016

പകർപ്പ് എല്ലാ സ്ഥാപന മേധാവികളുടേയും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

ഒപ്പ്/-,
കൃഷ്ണകുമാർ.റ്റി.വി,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-
1. എല്ലാ ഗവണ്മെന്റ് കോളേജ്, പ്രിൻസിപ്പാൾമാർക്ക് / ഡെപ്യൂട്ടി ഡയറക്ടർ / ഗവണ്മെന്റ് കോളേജ് ഹോസ്റ്റൽ വാർഡന്മാർ
2. കരുതൽ ഫയൽ / നടപ്പ് ഫയൽ

/അംഗീകാരത്തോടെ/

സൂപ്രണ്ട്